# GVHSS FOR GIRLS,TIRUR
## അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

| ഉള്ളടക്കം | |
|---|---|
| 1 | ആമുഖം |
| 2 | ചരിത്രം |
| 3 | സ്കൂളിലെ സൗകര്യങ്ങൾ |
| 4 | പാഠ്യേതര പ്രവർത്തനങ്ങൾ |
| 5 | പൊതുലക്ഷ്യങ്ങൾ |
| 6 | വിദ്യാലയം മികവിന്റെ കാഴ്ചപ്പാട് |
| 7 | നിലവിലെ അവസ്ഥാവിശകലനം |
| 8 | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ |
| 9 | പദ്ധതി വിശദാംശങ്ങൾ |
| 10 | പ്രതീക്ഷിത നേട്ടങ്ങൾ |
| 11 | മോണിറ്ററിങ് |
| 12 | ഉപസംഹാരം |

# ജി. വി. എച്ച്. എസ്.എസ്. (ഗേൾസ്) തിരൂർ

| | |
|---|---|
| **സ്ഥാപിതം** | 1916 |
| **വിവരങ്ങൾ** | |
| **ഫോൺ** | 0494 2422140 |
| **ഇമെയിൽ** | girlshsstirur@gmail.com |
| **കോഡുകൾ** | |
| **സ്കൂൾ കോഡ്** | 19020 (സമേതം) |
| **എച്ച് എസ് എസ് കോഡ്** | 11142 |
| **വി എച്ച് എസ് എസ് കോഡ്** | 910011 |
| **യുഡൈസ് കോഡ്** | 32051000411 |
| **വിക്കിഡാറ്റ** | Q64563900 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| **റവന്യൂ ജില്ല** | മലപ്പുറം |
| **വിദ്യാഭ്യാസ ജില്ല** | തിരൂർ |
| **ഉപജില്ല** | തിരൂർ |
| **ഭരണസംവിധാനം** | |
| **ലോകസഭാമണ്ഡലം** | പൊന്നാനി |
| **നിയമസഭാമണ്ഡലം** | തിരൂർ |
| **താലൂക്ക്** | തിരൂർ |
| **ബ്ലോക്ക് പഞ്ചായത്ത്** | തിരൂർ |
| **തദ്ദേശസ്വയംഭരണസ്ഥാപനം** | പഞ്ചായത്ത്,തലക്കാട്, |
| **വാർഡ്** | 18 |
| **സ്കൂൾ ഭരണ വിഭാഗം** | |

| | |
|---|---|
| **സ്കൂൾ ഭരണ വിഭാഗം** | സർക്കാർ |
| **സ്കൂൾ വിഭാഗം** | പൊതുവിദ്യാലയം |
| **പഠന വിഭാഗങ്ങൾ** | യു.പി<br>ഹൈസ്കൂൾ<br>ഹയർസെക്കന്ററി<br>വൊക്കേഷണൽ ഹയർസെക്കന്ററി |
| **സ്കൂൾ തലം** | 5 മുതൽ 12 വരെ |
| **മാദ്ധ്യമം** | മലയാളം, ഇംഗ്ലീഷ് |

## ആമുഖം

മലപ്പുറം ജില്ലയിലെ തിരൂർ വിദ്യാഭ്യാസ ജില്ലയിൽ തിരൂർ ഉപജില്ലയിൽ ബി.  പി.അങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന്റെ പേര് **ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് തിരൂർ** എന്നാണ്. **ഗേൾസ് ഹൈസ്കൂൾ** എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. 1914-ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച ഈ വിദ്യാലയം മലപ്പുറം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

1914 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്.ഹോസ്റ്റൽ സൗകര്യം ഉണ്ടായിരുന്നത് കൊണ്ട് വളരെ ദൂര സ്ഥലങ്ങളിൽ നിന്ന് പോലും കുട്ടികൾ ഇവിടെ താമസിച്ച് പഠിച്ചിരുന്നു.മുസാവരി ബംഗ്ളാവ് എന്നറിയപ്പെട്ടിരുന്ന വെട്ടത്ത് രാജാവിന്റെ കോടതി സമുച്ചയമാണ് പിന്നീട് സ്കൂളാക്കി മാറ്റിയത്.

നിരവധി രാഷ്ട്രീയ -സാമൂഹിക -സാംസ്കാരിക -ശാസ്ത്ര -സാങ്കേതിക വിദഗ്ധർക്ക് ജന്മം നൽകിയ ഈ പൊതുവിദ്യാലയം അതിന്റെ ജൈത്രയാത്ര തുടരുകയാണ്

5 മുതൽ 10 വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണം പട്ടികയിൽ ചുവടെ കൊടുത്തിരിക്കുന്നു

| ക്ലാസ് | ആകെ കുട്ടികൾ |
|---|---|
| **5** | **33** |
| **6** | **39** |
| **7** | **57** |
| **8** | **111** |
| **9** | **131** |
| **10** | **112** |
| ആകെ | **484** |

## ചരിത്രം

മൈസൂർ സുൽത്താൻമാരുടെ മലബാർ അധിനിവേശത്തിനു ശേഷം(1766-1792 എ.ഡി) ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ മലബാർ പ്രദേശം കുറച്ചുകാലത്തെക്കെങ്കിലും ശാന്തമായിരുന്നു.എന്നാൽ 1840 മുതൽ 1885 വരെയുള്ള

തെക്കെമലബാറിൽപ്പെട്ട ഏറനാട്,വള്ളുവനാട് എന്നീപ്രദേശങ്ങളിൽ കലാപങ്ങൾ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിന്നു.അതിന് അന്ന് നിലവിലുണ്ടായിരുന്ന ജന്മി-കുടിയാൻ ബന്ധവും മതപരമായ പ്രശ്നങ്ങളും കാരണങ്ങളായി തീർന്നു.1852 ഫെബ്രുവരിയിൽ സാദർ അദാലത്ത് കോടതിയുടെ ഒരു ജഡ്ജിയായ തോമസ് ലാമ്സൺ സ്ട്രേഞ്ച് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം മുകളിൽ പറഞ്ഞ പ്രശ്നങ്ങളേക്കാളും മാപ്പിളമാരുടെ വിട്ടുവീഴ്ച്ചയില്ലാത്ത മതാവേശമാണ് കാരണമെന്ന് കണ്ടെത്തി.

കലാപങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ജില്ലാ മജിസ്ട്രേറ്റായിരുന്ന വില്ല്യം ലോഗന്റെ ഈ നിർദ്ദേശങ്ങളിൽ മാപ്പിളമാർക്കിടയിൽ വിദ്യഭ്യാസത്തിനുള്ള പ്രാധാന്യം ബ്രിട്ടീഷ് സർക്കാർ വളരെ കാര്യമായിതന്നെ എടുക്കുകയും അതു നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.ഇതിന്റെ ഫലമായിട്ടാണ് 1880 കളിൽ

ഏറനാട്,വള്ളുവനാട്,പൊന്നാനി(ഇപ്പോഴത്തെ തിരൂർ താലൂക്ക് ഉൾപ്പെടുന്ന പ്രദേശം) താലൂക്കുകളിലെ വിവിധ പ്രദേശങ്ങളിൽ മാപ്പിള സ്കൂളുകൾ സ്ഥാപിക്കപ്പെട്ടത്.അതിന് ഗവൺമെന്റ് കൈകൊണ്ട നടപടികൾ വളരെ തന്ത്രപൂർവ്വമായിരുന്നു.സ്വതവെ ഭൗതിക വിദ്യാഭ്യാസത്തോട് പ്രത്യേകിച്ച് ഇംഗ്ളീഷ് വിദ്യാഭ്യാസ ത്തോട് വിമുഖത കാട്ടിയിരുന്ന വിഭാഗമായിരുന്നു മാപ്പിളമാർ.അതേ സമയം മതവിദ്യാഭ്യാസ കാര്യത്തിൽ വളരെ തൽപരരുമായി ഓത്തുപഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഭൗതിക വിഷയങ്ങൾ കൂടി പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ടായിരുന്നു ഇത് തുടങ്ങിരുന്നത്.അങ്ങനെ ആദ്യം ഓത്തുപള്ളിക്കൂടങ്ങളാണ് നിലവിൽ വന്നത്.

ബെട്ടത്തു പുതിയങ്ങാടിയിൽ തന്നെ പുളിഞ്ചോട് എന്ന സ്ഥലത്തെ മണ്ണാറാട്ടിൽ ഒരു വീട്ടിന് ഇന്നും ഓത്തുപള്ളി എന്ന പേരു ലഭിച്ചത് ഇങ്ങിനെയാണ്.ഇവിടെ 1870 ൽ ആരംഭിച്ച മതവിദ്യാഭ്യാസ ക്ളാസ്സ് തച്ചപറമ്പിൽ കുഞ്ഞിബാവ മാസ്റ്ററുടെ (ഇദ്ദേഹം 1910 കളിൽ കോട്ടത്തറ സ്കൂളിലെ ഒരദ്ധ്യാപകനായിരുന്നു).മാതാവ് തിത്തിയുമ്മ ടീച്ചർ തുടങ്ങിയതായിരുന്നു.ആ കാലത്ത് സ്ഥലം സന്ദർശിച്ച വിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥയായ വിദേശ വനിത സ്ത്രീ വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള ശ്രമം തുടങ്ങിയപ്പോൾ ഈ സ്ഥാപനം (ഒത്തു പള്ളി) ശ്രദ്ധയിൽ വരികയും അവിടത്തെ പഠന രീതിയിൽ മതിപ്പ് തോന്നിയ മദാമ്മ ഓത്തിന്റെ കൂടെ തന്നെ ഭൗതിക വിഷയങ്ങൾ കൂടി പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.ബെട്ടത്തു പുതിയങ്ങാടിയിലുണ്ടായിരുന്ന കോടതിയും സബ്ജയിലും 1910 ൽ തിരൂരിലേക്ക് മാറ്റിയപ്പോൾ ഈ ഓത്തുപള്ളി അവിടെ തന്നെ ഒഴിഞ്ഞ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു.

പെൺകുട്ടികൾക്ക് മാത്രമായുള്ള എലിമെന്ററി സ്കൂൾ ആയിട്ടാണ് ആദ്യംആരംഭിച്ചത്.വേണ്ടത്ര സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ ഹൈസ്കൂൾ ആക്കാനുള്ള ശ്രമം വിജയിച്ചില്ല. പിന്നീട് പ്രദേശത്തെ ഭൂവുടമയായിരുന്ന കാദർസാൻ കുടുംബത്തിലെ അഹമ്മദ് സാഹിബിന്റെ മകൻ ആലിക്കുട്ടി സാഹിബ് വടക്കെ കൂട് എന്ന സ്ഥലം സ്കൂൾ ആവശ്യത്തിനു വേണ്ടി വിട്ടു നൽകി.സ്ഥലം ലഭ്യമായതിനു ശേഷം ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള ശ്രമത്തിന് തച്ചപറമ്പിൽ കുഞ്ഞിബാവകുട്ടി മാസ്റ്ററുടെ ഇളയ മകൻ കുട്ടി അഹമ്മദ് എന്ന കുട്ടിയാമു മുൻകൈയെടുത്തു നടത്തിയ ശ്രമത്തിന്റെ ഫലമായിട്ടാണ് 1938 ൽ എലിമെന്ററി സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഇന്നത്തെ വളർച്ചക്ക് നിദാനം കുറിച്ച രണ്ട് വ്യക്തിത്വങ്ങളെ (ആലിക്കുട്ടി സാഹിബും കുട്ടി അഹമ്മദ് സാഹിബും) ഈ അവസരത്തിൽ സ്മരിക്കാതെ പോകുന്നത് വലിയ നന്ദികേടായിരിക്കുമെന്ന് പ്രത്യേകം ചൂണ്ടികാണിക്കട്ടെ.

ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ട ശേഷം ഇവിടെ പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കുവാൻ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു.വളരെ വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ധാരാളം വിദ്യാർഥിനികൾ ഇവിടെ പഠനം നടത്തിപ്പോയിട്ടുണ്ട്.ഒരു വലിയവടവൃക്ഷം പോലെ വളർന്നു വികസിച്ച ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് ഇന്ന് ഹൈസ്കൂളിനു പുറമെ ഹയർസെക്കൻഡറി വിഭാഗം,വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗവും,അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നു.ഡയറ്റ് എന്ന പേരിൽ അറിയപ്പെടുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ട് 1992 വർഷം ആരംഭിച്ചു.കുട്ടികളുടെ യാത്രാസൗകര്യത്തിനായി സ്കൂൾ ബസ്സുകൾ സ്ഥലം എം.എൽ.എയും ജില്ലാപഞ്ചായത്തും അനുവദിച്ചിട്ടുണ്ട്.ഈ സൗകര്യം വിദ്യാർഥിനി കൾക്ക് വലിയ അനുഗ്രഹമായിട്ടുണ്ട്.

## സ്കൂളിലെ സൗകര്യങ്ങൾ

അഞ്ചു കെട്ടിടങ്ങളിലായി ഹൈസ്കൂൾ,യു.പി വിഭാഗങ്ങളും, നാലു കെട്ടിടങ്ങളിലായി ഹയർ സെക്കന്ററി, വി.എച്ച്.എസ് വിഭാഗങ്ങളും പ്രവർത്തിക്കുന്നു. ശാസ്ത്ര പോഷിണി പദ്ധതിയിൽ രണ്ട് സയൻസ് ലാബുകളുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിനും വി.എച്ച്.എസ്. വിഭാഗത്തിനും വെവ്വേറെ സയൻസ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഹൈസ്കൂളിനും യു.പി വിഭാഗത്തിനും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. ഹൈസ്കൂളിന് രണ്ട് കംപ്യൂട്ടർ ലാബുകൾ ഉണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.ബസ് സൗകര്യം ഉണ്ട്. എല്ലാ കുട്ടികൾക്കുമായി സ്കൂൾ ലൈബ്രറി പ്രവർത്തിക്കുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾ

ഗൈഡ്സ്

ജൂനിയർ റെഡ് ക്രോസ്

ക്ലാസ് മാഗസിൻ
വിദ്യാരംഗം കലാ സാഹിത്യ വേദി

ക്ലബ്ബ് പ്രവർത്തനങ്ങൾ

കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിങ് സെൽ
എൻ എസ് എസ്
ആർട്ട് ക്ലബ്ബ്

**പൊതുലക്ഷ്യങ്ങൾ**

*****സ്കൂളുകളിൽ എത്തിചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട

പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി

തയ്യാറാക്കുക.

* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

*എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ് ,ഹിന്ദി ഭാഷകൾ സംസാരിക്കുവാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക

*അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പാശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക .അധ്യാപനം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

*പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക .

## വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

*പാഠ്യ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

*ശുചിത്വം ,ദീനാനുകമ്പ ,സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

*പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയഅന്തരീക്ഷം ഒരുക്കൽ

*മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ

*പാരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറാനുള്ള ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കൽ

*ഇവിടെ പഠിച്ചു പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുമുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിൽ തന്നെ ചേർക്കുന്നതിലേക്ക് വിദ്യാലയത്തെ എത്തിക്കുക

## നിലവിലെ അവസ്ഥ വിശകലനം

### ഭൗതിക നേട്ടങ്ങൾ

*11 ക്ലാസ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറി.

*എല്ലാ ക്ലാസ് മുറികളും ആവശ്യത്തിനനുസരിച്ച് ലൈറ്റും ഫാനും വെച്ചു .

*രണ്ട് ഐടി ലാബുകൾ ,ലൈബ്രറി ,സയൻസ് ലാബ് എന്നിവയും സ്കൂളിൽ പ്രവർത്തിക്കുന്നു.

*എല്ലാ ക്ലാസ്സ് റൂമുകളിലും നിലവിൽ സ്പീക്കർ സിസ്റ്റമുണ്ട് .അസംബ്ലിയും മറ്റും പരിപാടികളും നടത്തുന്നതിലേക്ക് വേണ്ടി പി.ടി.എ.യുടെ സഹായത്തോടെ രണ്ട് മൈക്ക് സിസ്റ്റം സ്കൂളിലേക്ക് വാങ്ങിയിരുന്നു.

*ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്റ്റാഫ് റൂം, ഓഫീസും ,എച്ച് എം റൂം നവീകരിച്ചു.

*എം.എൽ.എ .ഫണ്ടിൽ നിന്ന് ഒരു ബസ് ഉൾപ്പെടെ മൂന്ന് ബസ്സുകൾ സ്വന്തമാക്കാൻ സ്കൂളിന് സാധിച്ചു.

*പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവനയായി യുപി സ്കൂളിന് മുകളിലായി ഒരു ഹാൾ സജ്ജീകരിക്കാൻ സാധിച്ചു.

**ഭൗതിക പരിമിതികൾ**

*പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ സാനിറ്ററി പാട്ടുകൾ നശിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇൻസിനേറ്റർ സ്കൂളിന് അത്യാവശ്യം ആണ്.

*ആകർഷകമായ വിധത്തിൽ പൂന്തോട്ടം ,ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമിക്കാനുള്ള സ്ഥലവും കളിസ്ഥലവും സ്കൂളിന് ആവശ്യമാണ്.

**അക്കാദമിക നേട്ടങ്ങൾ**

തുടർച്ചയായി ഏഴാം തവണ SSLC ക്ക് നൂറുശതമാനം വിജയം നേടി.2024-25 വർഷത്തിൽ 11 full A+,2023-24 വർഷത്തിൽ 26 Full A+,2022-23 വർഷത്തിൽ 28 full A+ നേടി.സബ്ജില്ലാ ശാസ്ത്ര മേളയിൽ സയൻസ് വിഭാഗത്തിൽ 2020,2021,2022 വർഷങ്ങളിൽ ഓവറോൾ രണ്ടാംസ്ഥാനവും,2023 അധ്യയന വർഷത്തിൽ ഓവറോൾ ഒന്നാംസ്ഥാനവും ലഭിച്ചു.സബ്ജില്ലാതല ബാഡ്മിൻഡൺ ചാമ്പ്യൻഷിപ്പ് നേടാൻ 2023-24 ൽ സാധിച്ചു.കലാമേളയിൽ സബ്ജില്ലാ തലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചു.സംസ്ഥാനതല ബാലശാസ്ത്ര കോൺഗ്രസ് മൽസരത്തിൽ 2024-25 ൽപങ്കെടുത്ത് B grade നേടി.പാഠപുസ്തക നിർമ്മാണ ശില്പശാലയിലും, പാഠപുസ്തക രചനയിലും പങ്കെടുത്ത ശ്രീമതി.കെ.വി.പ്രജിത ഈ വിദ്യാലയത്തിലെ മലയാളം അധ്യാപിക ആണ്.മികച്ച പ്രവർത്തനം നടത്തുന്ന Little Kites,JRC, Guides യൂണിറ്റുകൾ സ്കൂളിനു സ്വന്തമായി ഉണ്ട്.

**അക്കാദമിക പരിമിതികൾ**

*വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ഉണ്ട് .

*സ്കൂൾ ലാബുകൾ ആധുനികവൽക്കരണം

*കലാകായിക പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല.

*പ്രവർത്തി പരിചയ സാമഗ്രികളുടെ അഭാവം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ വിഘാതം സൃഷ്ടിക്കുന്നു.

*വിശാലമായ കളിസ്ഥലം ഇല്ലാത്തത് കുട്ടികളുടെ കായികരംഗത്തെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

*ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസരിച്ച് പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിക്കും.

*വിദ്യാർത്ഥികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളരുന്നു.

*കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി വളർത്തുക.

*കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം.

*വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പ്രവർത്തനം.

## മോണിറ്ററിംഗ്

*പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ മുൻഗണന ക്രമത്തിൽ നടപ്പാക്കും.

*മാസത്തിൽ  എല്ലാ ആഴ്ചയിലുമ്എസ് ആർ ജി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും.

*എല്ലാ പിടിഎ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും.

*ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവെക്കുകയും അതനുസരിച്ച് നടപ്പാക്കുകയും ചെയ്യും.

## ഉപസംഹാരം

തിരൂർ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് വേണ്ടി തയ്യാറാക്കിയതാണ് .ഇത് മേൽനടപടിക്കായി സമർപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## MALAYALAM

## GVHSS FOR GIRLS,TIRUR

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ വായന, സാഹിത്യാഭിരുചി എന്നിവ വളർത്തുന്നതിനായി ലൈബ്രറി ശാക്തീകരിക്കുക. | എൻറെ പെരുന്നാളിന് ഒരു പുസ്തകം സ്കൂളിലേക്ക് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകൻ / ലൈബ്രേറിയൻ | |
| 2. | പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തുന്ന പരിസ്ഥിതി ദിനാഘോഷ പരിപാടികളിൽ പോസ്റ്റർ മുദ്രാഗീതം എന്നിവ രചിക്കുക, പരിസ്ഥിതി ഗാനങ്ങൾ ശേഖരിച്ച് ഒറ്റയ്ക്കും സംഘമായും ആലപിക്കുക. | മുദ്രാഗീത രചന, പോസ്റ്റർ തയ്യാറാക്കൽ, പരിസ്ഥിതി കവിതകൾ /ഗാനങ്ങൾ ആലപിക്കൽ. | ജൂൺ 5 | മലയാളം അധ്യാപകർ /മലയാളം ക്ലബ്ബ് | |
| 3 | വായനയുടെ ലോകത്തിലേക്ക് കുട്ടികളിൽ എത്തിക്കുക, ഗ്രന്ഥശാല സ്ഥാപകനായ പി എൻ | ക്ലാസ് ലൈബ്രറി സജ്ജീകരണം, ആസ്വാദനക്കുറിപ്പ് രചന, പത്ര ക്വിസ്, സാഹിത്യ ക്വിസ്, | ജൂൺ 19- 26 | മലയാളം അധ്യാപകർ / ലൈബ്രേറിയൻ | |

| | | | | | |
|---|---|---|---|---|---|
| | പണിക്കരുടെ ജീവിതത്തെക്കുറിച്ച് അറിയുക. | അമ്മയെഴുത്തുകൾ, വിദ്യാരംഗം ക്ലബ്ബ് രൂപീകരണം. | | | |
| 4 | വിദ്യാർത്ഥികളിലെ സാഹിത്യാഭിരുചി വളർത്തിക്കൊണ്ടു വരിക. | വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം | ജൂൺ 26 | വിദ്യാരംഗം കൺവീനർ ,പിടിഎ , വിദ്യാരംഗം ക്ലബ് | |
| 5 | ബഷീർ എന്ന വിശ്വസാഹിത്യകാരനെയും കൃതികളെയും അടുത്തറിയുക | ബഷീർ അനുസ്മരണം, ബഷീർ ദ മാൻ വീഡിയോ പ്രദർശനം, ബഷീർ ക്വിസ്,ബഷീർ കഥകളുടെ ദൃശ്യാവിഷ്കാരം | ജൂലൈ 5 | വിദ്യാരംഗം ക്ലബ് | |
| 6 | ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | ലഹരി വിരുദ്ധ മുദ്രാ ഗീത രചന | ജൂൺ 26 | ക്ലാസധ്യാപകർ | |
| 7 | സ്വാതന്ത്ര്യത്തിന്റെ മഹത്വം തിരിച്ചറിയുക, മികച്ച പൗരരാകുക, മാനവികതയിൽ ഊന്നി പ്രവർത്തിക്കുക. | സ്വാതന്ത്ര്യ ദിനാഘോഷത്തിലെ പങ്കാളിത്തം,ദേശഭക്തി ഗാനരചന | ആഗസ്റ്റ് 14 | S S ക്ലബ്ബുമായി സഹകരിച്ച് | |
| 8 | എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനും എഴുതാനുമുള്ള ശേഷിവികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | അക്ഷരമുറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, വാക്യ നിർമ്മാണം, ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | ജൂൺ – ആഗസ്റ്റ് | വിജയ സ്പർശം | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## ARABIC

### GVHSS FOR GIRLS,TIRUR

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ ഭാഷാ പരിജ്ഞാനം മനസിലാക്കി പിന്നോക്കക്കാർക്ക് പഠന പിന്തുണ നൽകുക | 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് വ്യത്യസ്ത ടെസ്റ്റ് പേപ്പർ നടത്തി ഭാഷാ നിലവാരം അളന്ന് പിന്നോക്കക്കാർക്ക് ലളിതമായ പഠനസാമഗ്രികൾ നൽകുക | ജൂൺ - ജൂലൈ | അധ്യാപകൻ, ക്ലാസിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | |
| 2. | അറബി ഭാഷയിൽ സർഗശേഷി വികസിപ്പിക്കുക | അറബിക് ക്ലബ് രൂപീകരിക്കൽ | ജൂൺ | അധ്യാപകൻ | |
| 3 | ഭാഷാ വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണ ബോധം വളർത്തൽ | പരിസ്ഥിതി സംരക്ഷണം പശ്ചാത്തലമാക്കി പോസ്റ്റർ രചന, പ്രശ്നോത്തരി നടത്തുക | ജൂൺ 5-18 | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 4 | ഭാഷാവബോധം വളർത്തുന്നതിന് വായനാവാരം | അറബി ഭാഷയിലെ ചെറുകഥകൾ കോപ്പിയെടുത്ത് ഡിക്ഷനറിയുടെ സഹായത്തിൽ പദാവലി, തർജിമ തയ്യാറാക്കൽ | ജൂൺ 19-26 | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 5 | വൈക്കം മുഹമ്മദ് ബഷീറിൻ്റെ കൃതികളുടെ വായനയിലൂടെ കുട്ടികൾക്ക് മലയാള ഭാഷയുടെയും അറബി ഭാഷയുടെയും | വൈക്കം മുഹമ്മദ് ബഷീർ കൃതികളേയും അവയിലെ പ്രയോഗങ്ങളും സമാനമായ അറബി പ്രയോഗങ്ങളും കണ്ടെത്തുന്നതിന് അറബി ക്ലബിൻ്റെ നേതൃത്വത്തിൽ | ജൂലൈ | അധ്യാപകൻ, ക്ലബ് കൺവീനർ | |

| | | | | | |
|---|---|---|---|---|---|
| | സവിശേഷതകൾ മനസിലാക്കുന്നു | മാഗസിൻ നിർമ്മാണം, പ്രശ്നോത്തരി മത്സരം | | | |
| 6 | അറബി സാഹിത്യോത്സവത്തിന് കുട്ടികളുടെ മികവ് ഉറപ്പു വരുത്തൽ | സാഹിത്യോത്സവയിനങ്ങളിൽ പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ മികവിനനുസരിച്ച് ഗ്രൂപ്പുകളാക്കി തുടർ പ്രവർത്തനങ്ങൾ നൽകുന്നു | ജൂലൈ | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 7 | കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതോടൊപ്പം ശാസ്ത്രത്തിലെ സാങ്കേതിക പദങ്ങളുടെ അറബിഭാഷാ രൂപങ്ങൾ ഗ്രഹിക്കൽ | ചാന്ദ്ര പര്യവേഷണ പദ്ധതികളുടെ ചരിത്രവും വർത്തമാനവും സംബന്ധിച്ച് അറബിയിൽ പ്രശ്നോത്തരി നടത്തുക | ജൂലൈ -ആഗസ്റ്റ് | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 8 | സ്വാതന്ത്ര്യ സമര നായകരുടെ ജീവചരിത്രവും അതിൻ്റെ അറബി ഭാഷയിലുള്ള രൂപങ്ങളും ഉൾക്കൊള്ളൽ | തെരഞ്ഞെടുക്കപ്പെട്ട സ്വാതന്ത്ര്യ സമര സേനാനികളുടെ അറബി ഭാഷയിലുള്ള ജീവചരിത്രകുറിപ്പുകൾ മാതൃഭാഷയിലേക്ക് വിവർത്തനം, പ്രശ്നോത്തരി എന്നിവ നടത്തുക | ജൂലൈ | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 9 | കുട്ടികളുടെ സർഗശേഷികൾ വികസിപ്പിക്കുന്നതിനായി അറബിക് സാഹിത്യോത്സവം കാര്യക്ഷമമാക്കൽ | അറബി സാഹിത്യോത്സവത്തിലെ സ്റ്റേജിതര മത്സരങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക, സ്റ്റേജ് മത്സരങ്ങളുടെ സ്ക്രീനിംഗ് നടത്തി മികച്ച യിനങ്ങൾ അവതരിപ്പിക്കുക | ആഗസ്റ്റ് | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 10 | കുട്ടികളിൽ ആശംസകളും ഉപചാരങ്ങളും കൈമാറുന്നതിനുള്ള അവബോധമുണ്ടാക്കുക | ഓണാഘോഷത്തോടനുബന്ധിച്ച് കുട്ടികൾക്ക് ആശംസകാർഡ് നിർമ്മാണ മത്സരം നടത്തുക. സമ്മാനം നൽകുക | ആഗസ്റ്റ് -സെപ്തംബർ | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 11 | കുട്ടികളിൽ ഗുരുവന്ദനം ശീലമാക്കുന്നതിന് അവബോധം | അധ്യാപക ദിനത്തോടനുബന്ധിച്ച് 'എൻ്റെ ഗുരുനാഥൻ' | സെപ്തംബർ | അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | ശീർഷകത്തിൽ കുറിപ്പ് തയ്യാറാക്കൽ മത്സരം നടത്തുക | | | |
| 12 | രാഷ്ട്രപിതാവിനോടുള്ള ആദരവ് വളർത്തുക | ഗാന്ധി സ്മൃതി വാരം നടത്തും. ഗാന്ധി ജീവിതം, സന്ദേശം എന്നിവയിൽ ക്വിസ് ,കവിതാലാപനം നടത്തുക | ഒക്ടോബർ | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 13 | പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വിൻ്റെ ഭാരത പുനർനിർമ്മിതി ആശയങ്ങൾ ഉൾക്കൊള്ളൽ | ചാച്ചാജി ചിത്രങ്ങൾക്ക് അടിക്കുറിപ്പ്, ക്വിസ്, ജീവചരിത്ര വായന നടത്തുക | നവംബർ | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 14 | അറബി വായന സുഗമമാക്കൽ | ' വായനാ കളരി' നടത്തി വായനയും എഴുത്തും സുഗമമാക്കുന്നു | ഡിസംബർ | അധ്യാപകൻ | |
| 15 | കുട്ടികളിൽ ഭരണഘടനാ മൂല്യങ്ങൾ വളർത്തുക | റിപ്പബ്ലിക്ക് ദിനത്തിൻ്റെ മുന്നോടിയായി 'ഭരണഘടനയെ അറിയൽ' എന്ന പേരിൽ ക്വിസ്, പ്രസംഗം എന്നിവ നടത്തുക | ജനുവരി | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 16 | പഠനോത്സവത്തിലേക്ക് വിഭവങ്ങൾ തയ്യാറാക്കൽ | പഠനോത്സവത്തിലേക്ക് അറബി സാഹിത്യവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ഒരുക്കുക | ഫെബ്രുവരി | അധ്യാപകൻ, ക്ലബ് കൺവീനർ | |
| 17 | മൂല്യനിർണയം സുഗമമാക്കൽ | മൂല്യനിർണയം സ്വതന്ത്രവും ആത്മവിശ്വാസവും പകരുന്നതിന് പ്രീ ടെസ്റ്റ് നടത്തുക | മാർച്ച് 1-5 | അധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## ENGLISH

## GVHSS FOR GIRLS,TIRUR

| NO. | AIM | ACTIVITY | PERIOD | ASSIGNED BY | EXPENSE |
|---|---|---|---|---|---|
| 1. | Listening<br>Give ample opportunities for listening | Teachers give opportunities for listening to stories,news,... | Once a week | English Teachers | |
| 2 | Speaking<br>Give ample opportunities for Speaking | Teacher gives a topic in the class and asks children to speak 2-3 minutes about it. | Twice a week | English Teachers | |
| 3 | To improve the skill of reading in students | English corner<br>story Time<br>English Library | Once a week | English Teachers | |
| 4 | comprehension | Listen short stories and answer questions to check their understanding | Once a week | English Teachers | |
| 5 | Vocabulary building | Teacher introduce new words each week and ask students to use them in sentence.<br>Vocabulary quiz | Once a week | English Teachers | |
| 6 | To enable students to write poetry and to recite poems confidently | Listening to the Audio of English poems<br>Conducting Competitions - Writing of Poetry and Recitation | Once a week | English Teachers | |

| | | | | | |
|---|---|---|---|---|---|
| | | Exhibition of English Magazines | | | |
| 7 | Grammar practise | Provide exercise on different grammar topics such as tense,preposition,conjunction,... | Once a week | English Teachers | |
| 8 | Pronunciation improvement | Teachers familiarize children with correct pronunciation. Students practice difficult sounds and words and participate in speaking exercises | Once a week | English Teachers | |
| 9 | Group discussion | Teachers organize group discussions on various topics | Once a week | English Teachers | |
| 10 | English film festival | Organize an English film festival where students watch selected English movies or short films. | Once a week | English Teachers | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# HINDI

# GVHSS FOR GIRLS,TIRUR

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | छात्रों में लेखन और वाचन की क्षमता बढ़ाना | हिंदी में पिछडे छात्रों को पहचानकर वैयक्लिक रूप से सुधारना। | सालभर | हिंदी अध्यापक | |
| 2 | जीवनमूल्यों का समझाना | ICT द्वारा छात्रों में हिंदी के प्रति रुचि बढाना l | सालभर | हिंदी अध्यापक | |
| 3 | हिंदी का वातावरण बनाना | वर्कशीट देकर छात्रों में मुख्य आशय के बारे में अवबोध पैदा करना। | पूरा साल | हिंदी अध्यापक | |
| 4 | डायरी, पोस्टर , वार्तालाप, सारांश, ब्लर्ब, पटकथा सही मिलान, घटनाओं को क्रमबद्ध करना आदि में सक्षम बनाना। | वैयक्तिक वाचन ,समूह वाचन, अनुकरण वाचन आदि द्वारा छात्रों में हिंदी पढने की ओर रुचि बढाना। हिंदी क्लब द्वारा विविध समारोह मनाना। | पूरा साल | हिंदी अध्यापक | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# PHYSICAL SCIENCE

# GVHSS FOR GIRLS,TIRUR

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പുതിയ പാഠപുസ്തകത്തിനെ അടിസ്ഥാനമാക്കിപരീക്ഷണ-നിരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി ലാബ് നവീകരണം. | പുതിയ പാഠപുസ്തകത്തെ അധിഷ്ഠിതമാക്കി പരീക്ഷണങ്ങൾ പട്ടികപ്പെടുത്തി ഓരോ പാഠഭാഗത്തിനും ആസ്പദമാക്കിയിട്ടുള്ള പരീക്ഷണ സജ്ജീകരണം നടത്തുന്നു. | ജൂൺ | ഫിസിക്കൽ സയൻസ് അധ്യാപകർ | |
| 2. ഊർജ്ജ സംരക്ഷണം | പോസ്റ്ററുകൾ തയ്യാറാക്കൽ കെഎസ്ഇബി അധികൃതർ നൽകുന്ന പ്രത്യേക ക്ലാസുകൾ ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്ന ഡോക്യുമെൻററികളുടെ പ്രദർശനം | ജൂലൈ | എനർജി ക്ലബ്ബ് | |
| 3.ശാസ്ത്രശില്പശാല സംഘടിപ്പിക്കുക. | നിത്യ ജീവിതത്തിൽ ഉപയോഗപ്രദമായ ഉൽപന്നങ്ങളുടെ നിർമാണതിനുള്ള നൈപുണ്യം വളർത്തുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ | സയൻസ് ക്ലബ്,ഫിസിക്കൽ സയൻസ് അധ്യാപകർ | |
| 4. ശാസ്ത്ര ദിനാചരണങ്ങൾ | ശാസ്ത്ര ദിന കലണ്ടർ നിർമ്മാണം ,ശാസ്ത്ര ദിനാചരണ മൂലകൾ , ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആചരിക്കൽ | അക്കാദമിക വർഷം. | സയൻസ് ക്ലബ് | |
| 5.ശാസ്ത്രപഠനത്തെ സ്വന്തം | ഫീൽഡ് ട്രിപ്പ്, ശാസ്ത്ര പ്രതിഭാശാലികളുമായുള്ള | അക്കാദമിക വർഷം. | ഫിസിക്കൽ സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ജീവിതം മെച്ചപ്പെടുത്തുന്നതിനും സമൂഹനന്മക്കും പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക. | അഭിമുഖങ്ങൾ,<br>ശാസ്ത്ര കണ്ടുപിടുത്തങ്ങൾ , എന്നിവയെകുറിച്ച് കുട്ടികളിൽ അവബോധം നടത്തുന്നു. | | | |
| 6.ശാസ്ത്രരചനകൾ പ്രോത്സാഹിപ്പിക്കുക. | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര മാഗസിൻ നിർമ്മിക്കുന്നു. | അക്കാദമിക വർഷം ഒരു തവണ | ഫിസിക്കൽ സയൻസ് അധ്യാപകർ | |
| 7. ശാസ്ത്ര ലൈബ്രറി | ശാസ്ത്ര സംബന്ധമായ<br>പുസ്തകങ്ങളുടെ ശേഖരണം,<br>വായനാശീലം പ്രോത്സാഹിപ്പിക്കുക,<br>ലൈബ്രറി ഡിജിറ്റലൈസേഷൻ | അക്കാദമിക വർഷം. | അധ്യാപകർ,വിദ്യാർത്ഥികൾ ,<br>പൂർവ വിദ്യാർത്ഥികൾ , പിടിഎ ,<br>എസ് എം സി | |
| 8.നൂതന ആശയങ്ങൾ ഉൾപ്പെടുത്തുക. | വിലയിരുത്തൽ, ശാസ്ത്രപഠനം എന്നിവക്ക് ഐ. ടി സാധ്യത പ്രയോജനപ്പെടുത്തുന്നു. | അക്കാദമിക വർഷം. | ഫിസിക്കൽ സയൻസ് അധ്യാപകർ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# NATURAL SCIENCE

# GVHSS FOR GIRLS,TIRUR

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **അത്ഭുത കണ്ണിലൂടെ :** കൗതുക ം, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ കാണിച്ച തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം.<br><br>ക്ലാസുകളിൽ പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |
| **ശാസ്ത്രലോകത്തേക്ക് :** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ട പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം ഒരുതവണ | |

| | | | |
|---|---|---|---|
| നേട്ടകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുകൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം ഒരുതവണ<br><br>അക്കാദമിക വർഷം ഒരുതവണ | |
| **ഹൈടെക് വേൾഡ്** **:**മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br><br>സയൻസ് ലാബ്, ഐടി ലാബ് എന്നിവ ആധുനികവൽക്കരിക്കുക. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | |
| **ആയുർ രേഖ :**പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യ രേഖ സൂക്ഷിക്കുക.<br><br>തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ,ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ<br><br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | |
| **വൈജ്ഞാനിക ബഹിർ സ്ഫുരണം:**അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ ,നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br><br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br><br>ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം 1 തവണ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## SOCIAL SCIENCE

## GVHSS FOR GIRLS,TIRUR

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാട്ടും മേട്ടും :**ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക്ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.<br><br>**വയൽ കിളികൾ:**സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും ആയി നടത്തുന്നു .<br><br>നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ :**സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ്,പൗരബോധം ,സാമൂഹ്യ സേവനം ഇവയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ് :**സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു .ആകാശക്കാഴ്ചകൾ ,കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| മതേതരത്വം ,സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ ,പ്രോജക്ട് ചർച്ചകൾ ,സംവാദം ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക ,സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു .ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു .അറ്റ്ലസ്, മാപ്പുകൾ ,ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | **മൈ സിനിമാ റൂം :** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി ,സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം ,പ്രോജക്ട് റൂം,etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം :** വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# MATHEMATICS

# GVHSS FOR GIRLS,TIRUR

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ആശയധാരണ<br>കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി<br>ലിസ്റ്റ് തയ്യാറാക്കൽ<br>മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ,<br>മുന്നോക്കം<br>നിൽക്കുന്ന കുട്ടികൾ | |
| 2. | നിർമ്മിതികളിലെ<br>ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയു<br>ടെ ലഭ്യത,<br>ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3 | ഗണിതത്തെ<br>നിത്യജീവിതവുമായി<br>ബന്ധിപ്പിച്ച്<br>ആശയങ്ങളുടെ<br>പ്രാധാന്യം<br>ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ്<br>സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ,പിടിഎ | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ<br>നിന്നും ഉടലെടുക്കുന്ന<br>ഗണിതരൂപങ്ങൾ, അളവുകൾ ഇവ<br>പരിചയപ്പെടൽ | ശില്പശാല നടത്തുന്നു<br>ക്ലബ്ബ്പ്രവർത്തനങ്ങൾസംഘടിപ്പിക്കുന്നു | അക്കാദമികവർഷത്തിൽ ഒന്ന് | വിജയ സ്പർശം | പിടിഎ |
| 5 | സംഘബോധം<br>ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ<br>സംഘത്തലവൻ | |

| | | | | | |
|---|---|---|---|---|---|
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം,ഇടപെടൽ,ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ, കൂടാതെ സമീപപ്രദേശങ്ങളി ലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് , മാനേജ്മെന്റ് |
| 8 | ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്ക ൽ | മാസത്തിൽ ഒരു പിടിഎ . നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ ,പിടിഎ പ്രസിഡണ്ട് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# ART EDUCATION

# GVHSS FOR GIRLS,TIRUR

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ പ്രിൻ്റ് മേക്കിംഗ് കലയെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കാൻ<br><br>ഫോട്ടോഗ്രഫിയിൽ ക്രിയാത്മക നേടിയെടുക്കാൻ, ഷോർട്ട് ഫിലിം, തിരക്കഥ നിർമ്മിക്കാൻ<br><br>പ്രദർശനങ്ങൾ നടത്തുന്നതിലൂടെ കുട്ടികളിൽ കലാ ബോധം വളർത്തുകയും ആത്മവിശ്വാസം മെച്ചപ്പെടുത്തുകയും ചെയ്യാൻ<br><br>കുട്ടികളിൽ ക്രിയാത്മകത വളർത്തിയെടുക്കാൻ<br><br>കുട്ടികളിൽ പരിസര നിരീക്ഷണ പാടവം വളർത്തിയെടുക്കാൻ | പ്രിൻ്റ് മേക്കിംഗ് ശില്പശാല<br><br>ഫോട്ടോഗ്രഫി / വീഡിയോഗ്രഫി ശില്പശാല<br><br>ചിത്രകലാപ്രദർശനം<br><br>കലാപഠന ക്ലാസ്<br><br>നാച്ചറൽ സ്റ്റഡി ക്യാമ്പ് | ജൂൺ | **Art club,Film club,Teachers** | |
| 2. | വരും തലമുറയിലേക്കുള്ള പഠനസഹായിയായി മാഗസിൻ മാറ്റിയെടുക്കാൻ | ചിത്ര മാഗസിൻ നിർമ്മാണം | ജൂലൈ | **Art club,Film club,Teachers** | |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികവിദ്യയുടെ ഉപയോഗം മനസിലാക്കി കലാസൃഷ്ടികൾ കൂടുതൽ ജനങ്ങളിൽ എത്തിക്കാൻ<br><br>ഷോർട്ട് ഫിലിം നിർമ്മാണം കുട്ടികളിൽ വളർത്തിയെടുക്കാൻ, കൂടുതൽ സിനിമ കാണാൻ, ക്രിയാത്മകത വളർത്താൻ<br><br>ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ | ഡിജിറ്റൽ ആർട്ട് മാഗസിൽ<br><br>ഷോർട്ട് ഫിലിം ശില്പശാലയും നിർമ്മാണവും, പ്രദർശനവും<br><br>ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ നിർമ്മാണം, ചിത്രരചന, കൊളാഷ് , തുടങ്ങിയ നടത്തൽ | | | |
| 3 | "ടെറാക്കോട്ട" ശില്പങ്ങളെക്കുറിച്ച് കുട്ടികളിൽ അറിവുണ്ടാക്കാൻ | മൺപാത്ര നിർമ്മാണശാലകൾ പോലുള്ള പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശിക്കും | ആഗസ്റ്റ് | **Art club,Film club,Teachers** | |
| 4 | കയ്യെഴുത്ത് രചനയെക്കുറിച്ച് കുട്ടികളിൽ അറിവ് വളർത്തിയെടുക്കുക<br><br>ലോകോത്തര കലാമൂല്യമുള്ള സിനിമികളെ പരിചയപ്പെടുത്തുക, കുട്ടികളുടെ ആസ്വാദന രീതി മെച്ചപ്പെടുത്തുക | കാലിഗ്രാഫി ശില്പശാല<br><br>ഫിലിം ഫെസ്റ്റിവൽ | സെപ്തംബർ | **Art club,Film club,Teachers** | |
| 5 | കളിമൺ ശില്പങ്ങളെക്കുറിച്ച് കൂടുതൽ അറിവ് ഉണ്ടാക്കാൻ | കളിമൺ ശില്പശാലപ്ലാസ്റ്റർ ഓഫ് പാരീസ് | ഒക്ടോബർ | **Art club,Film club,Teachers** | |

| | | | | | |
|---|---|---|---|---|---|
| | പ്ലാസ്റ്റർ ഓഫ് പാരീസ് എന്ന മാധ്യമം പരിചയപ്പെടൽ, മോൾഡിംഗ്/കാസ്റ്റിംഗ് രീതികൾ മനസിലാക്കാൻ | മോൾഡിങ്ങ് ശില്പശാല | | | |
| 6 | നാടകം, അഭിനയം തുടങ്ങിയ കലയെക്കുറിച്ചുള്ള അറിവ് വളർത്തിയെടുക്കാൻ | ''അഭിനയ കളരി'' നാടകശില്പശാല | നവംബർ | **Art club,Film club,Teachers** | |
| 7 | പേപ്പർ നിർമ്മിക്കുന്നതിനെക്കുറിച്ച് കൂടുതൽ അറിയാൻ | പേപ്പർ നിർമ്മാണ ശില്പശാല | ഡിസംബർ | **Art club,Film club,Teachers** | |
| 8 | വിവിധ മത്സരങ്ങളിൽ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ | മത്സരങ്ങൾ സംഘടിപ്പിക്കും | ജനുവരി | **Art club,Film club,Teachers** | |
| 9 | കുട്ടികളിൽ കലാബോധം വളർത്തിയെടുക്കാൻ<br>വ്യത്യസ്ത കലകളെക്കുറിച്ച് മനസിലാക്കാൻ<br>ആസ്വാദനവൈഭവം വളർത്തിയെടുക്കാൻ | ആർട്ട് ഗാലറികൾ സന്ദർശിക്കും<br>സംഗീതം, നൃത്തം, നാടൻ പാട്ട് തുടങ്ങിയ കലകളിലെ ക്ലാസ്സുകൾ സംഘടിപ്പിക്കും<br>പ്രാദേശിക കലാകരൻമാരുടെ ചിത്ര പ്രദർശനം സംഘടിപ്പിക്കും | ഫെബ്രുവരി | **Art club,Film club,Teachers** | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# PHYSICAL EDUCATION

# GVHSS FOR GIRLS,TIRUR

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ കായിക വിദ്യാഭാസത്തിന്റെ പ്രസക്തിയും സ്പോർട്സിന്റെ പ്രാധ്യാനവും എത്തിക്കുക | വിവിധ ഗെയിംമുകൾ പരിചയപെടുത്തുക | ജൂൺ മുതൽ ജൂലായ് വരെ | കായിക അദ്ധ്യാപകൻ | |
| 2. | **വിവിധ മത്സരയിന ങ്ങൾക് തയാറാട്ടുപ്പിക്കുക** | കുട്ടികളുടെ അഭിരുചിക്ക്അനുസരിച്ച വിവിധയിനം ഗെയിംമുകളിൽ **പങ്കെടുപ്പിക്കുക** | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | കായിക അദ്ധ്യാപകൻ | |
| 3 | കുട്ടികളുടെ ഹെൽത്ത് ഫിറ്റ്നസ് ഉയർത്തുക | ഫിറ്റ്നസ് **workout.**<br>*വിവിധ ഗെയിംകൾ കുട്ടികളെ പരിശീലിപ്പിക്കുക<br>*ഫിറ്റ്നസ് ചെക്കിങ് (ആഫർ യൂത്ത് ഫിറ്റ്നസ് ടെസ്റ്റ്) | ഡിസംബർ മുതൽ മാർച്ച് വരെ | കായിക അദ്ധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# WORK EDUCATION

# GVHSS FOR GIRLS,TIRUR

| നമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|---|
| 1. | വസ്ത്രം | തയ്യൽ പരിശീലനം | വിവിധ തരത്തിലുള്ള വസ്ത്രനിർമ്മാണം | ജൂൺ – ഫെബ്രുവരി | WE CLUB |
| 2. | സേവനം | ഫയൽ നിർമ്മാണം | ഓഫീസ് ഫയൽ നിർമ്മാണം | ആഗസ്റ്റ് | WE CLUB |
| 3 | സേവനം | പരിസ്ഥിതി സംരക്ഷണം | വേസ്റ്റ് ബാസ്കറ്റ് നിർമ്മാണം | ജൂൺ – മാർച്ച് | WE CLUB |
| 4 | കൃഷി | ജൈവ കൃഷി | വെർട്ടിക്കൽ ഫാർമിംഗ് | ഒക്ടോബർ – മാർച്ച് | WE CLUB |


# ACADEMIC CALENDAR 2024-25

## GVHSS FOR GIRLS,TIRUR

## ജൂൺ


| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | REOPENING DAY | ജൂൺ 2 | | | |
| 2 | സൈക്കിൾ ചവിട്ടാൻ പരിശീലനം നൽകുന്നു | ജൂൺ 3<br>സൈക്കിൾ ദിനം | ആരോഗ്യ-കായിക ക്ലബ് | | |
| 3 | SRG MEETING | ജൂൺ 4 | | | |
| 4 | വൃക്ഷത്തൈ നടൽ<br>എന്റെ മരം ബുക്ക് തയ്യാറാക്കൽ<br>ക്വിസ് മത്സരം | ജൂൺ 5<br>ലോക പരിസ്ഥിതി ദിനം | സയൻസ് ക്ലബ് |  | |
| | SRG MEETING | ജൂൺ 13 | | | |
| 5 | പോസ്റ്റർ രചന | ജൂൺ 14 | സയൻസ് | | |

| | | | | | |
|---|---|---|---|---|---|
| | | അന്തർ ദേശീയ രക്തദാന ദിനം | ക്ലബ് | | |
| 6 | പാസ്കലിന്റെ ജീവചരിത്രം ക്വിസ് | ജൂൺ 19<br>പാസ്കൽ ദിനം | മാത്സ് ക്ലബ് | | |
| | SRG MEETING | ജൂൺ 20 | | | |
| 7 | പരിസ്ഥിതി സംരക്ഷണം പശ്ചാത്തലമാക്കി പോസ്റ്റർ രചന ,പ്രശ്നോത്തരി | ജൂൺ 5-18 | അറബിക് ക്ലബ് | | |
| 8 | യോഗ ദിനാചരണം ആഴ്ചയിൽ ഒരു ദിവസം പേരെന്റ്സിനു യോഗ ക്ലാസ് ഉദ്ഘാടനം | ജൂൺ 21<br>അന്താരാഷ്ട്ര യോഗാദിനം | ആരോഗ്യ-കായിക ക്ലബ് | | |
| 9 | UNIT TEST | ജൂൺ 24 | | | |
| 10 | ലഹരിവിരുദ്ധമുദ്രാ ഗീതരചന | ജൂൺ 26<br>ലോകലഹരിമുക്തവിരു-ദ്ധദിനം | സാമൂഹ്യശാസ്ത്ര ക്ലബ് ,മലയാള ം ക്ലബ് | | |

| | | | | | |
|---|---|---|---|---|---|
| 11 | ബോധവൽക്കരണ ക്ലാസ് | ജൂൺ 26<br><br>ലോകലഹരിമുക്തവിരുദ്ധദിനം | ആരോഗ്യ-കായിക ക്ലബ് |  | |
| 12 | പ്ലക്കാർഡ് നിർമ്മാണം | ജൂൺ 26<br><br>ലോകലഹരിമുക്തവിരുദ്ധദിനം | ഹിന്ദി ക്ലബ് | | |
| 13 | റാലി<br>പോസ്റ്റർ<br>ലഹരിവിരുദ്ധക്യാമ്പയ്ൻ | ജൂൺ 26<br><br>ലോകലഹരിമുക്തവിരുദ്ധദിനം | സയൻസ് ക്ലബ് | | |
| 14 | ക്ലാസ് ലൈബ്രറിസജ്ജീകരണം<br>ആസ്വാദനകുറിപ്പ് രചന<br>പത്രക്വിസ്<br>സാഹിത്യക്വിസ്<br>അമ്മയെഴുത്തുകൾ | ജൂൺ 19-26<br><br>വായനാവാരം | മലയാളം ക്ലബ് |  | |
| 15 | SRG MEETING | ജൂൺ 27 | | | |
| 16 | ഇന്റർനാഷണൽ | ജൂൺ 23 | സയൻസ് | | |

| | | | | | |
|---|---|---|---|---|---|
| | വിമൺ ഇൻ എഞ്ചിനീയറിംഗ് ഡേ സെമിനാർ | | ക്ലബ് | | |
| 17 | വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ,അറബിക് ക്ലബ് രൂപീകരണം | ജൂൺ | | | |
| 18 | **PRINT MAKING** ശില്പശാല | ജൂൺ 3 മുതൽ | ആർട്സ് ക്ലബ് | | |
| 19 | **PHOTOGRAPHY/ VIDEOGRAPHY** ശില്പശാല ,ചിത്രകല പ്രദർശനം | ജൂൺആദ്യവാരം | ആർട്സ് ക്ലബ് | | |
| 20 | സ്കിപ്പിംഗ് പരിശീലനം<br>വോളിബോൾ പരിശീലനം<br>ജൂഡോ പരിശീലനം<br>കബഡി പരിശീലനം | ജൂൺ മുതൽ | ആരോഗ്യ-കായിക ക്ലബ് | | |
| 21 | തയ്യൽ പരിശീലനം | ജൂൺ | പ്രവർത്തി പരിചയ ക്ലബ് | | |

# ജൂലൈ

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | ഡോക്ടറുമായി സംവാദിക്കൽ പരിപാടി | ജൂലൈ 1<br><br>ഡോക്ടേഴ്സ് ഡേ | സയൻസ് ക്ലബ് | | |
| 2 | ബഷീർ ദിനത്തോടനുബന്ധിച്ച മാഗസിൻ നിർമാണം , പ്രശ്നോത്തരി | ജൂലൈ 4 | അറബിക് ക്ലബ് |  | |
| 3 | ബഷീർ ദിനത്തോടനുബന്ധിച്ച ക്വിസ് , ബഷീർ കഥകളുടെ ദൃശ്യാവിഷ്കാരം | ജൂലൈ 4 | മലയാളം ക്ലബ് | | |
| 4 | SRG MEETING | ജൂലൈ 4 | | | |

| | | | | | |
|---|---|---|---|---|---|
| 5 | കൊളാഷ് നിർമാണം | ജൂലൈ 11<br><br>ലോക ജനസംഖ്യാ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ് |  | |
| 6 | SRG MEETING | ജൂലൈ 11 | | | |
| 7 | SRG MEETING | ജൂലൈ 18 | | | |
| 8 | ക്വിസ് | ജൂലൈ 21<br><br>ചാന്ദ്രദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | | |
| 9 | പോസ്റ്റർ രചന കൊളാഷ് ഡോക്യുമെന്ററി പ്രദർശനം | ജൂലൈ 21<br><br>ചാന്ദ്രദിനം | സയൻസ് ക്ലബ് | | |
| 10 | പ്രശ്നോത്തരി | ജൂലൈ 21<br><br>ചാന്ദ്രദിനം | അറബിക് ക്ലബ് | | |
| 11 | പൈയുടെ വിലയും പ്രാധാന്യവും – ആർട്ടിക്കിൾ | ജൂലൈ 22<br><br>പൈ അപ്രോക്സിമേഷൻ ഡേ | മാത്സ് ക്ലബ് | | |
| 12 | SRG MEETING | ജൂലൈ 25 | | | |
| 13 | പോസ്റ്റർ രചന | ജൂലൈ 28 | സയൻസ് | | |

| | | | | | |
|---|---|---|---|---|---|
| | | ലോകപ്രകൃതി സംരക്ഷണ ദിനം | ക്ലബ് | | |
| 14 | UNIT TEST | ജൂലൈ 29 | | | |
| 15 | പ്രേം ചന്ദിന്റെ കഥകൾ വായിക്കുക | ജൂലൈ 31<br><br>പ്രേംചന്ദ്ജയന്തി | ഹിന്ദി ക്ലബ് | | |
| 16 | ആർട്സ് ചിത്രമാഗസിൻ നിർമ്മാണം<br><br>ആർട്സ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം<br><br>ഷോട്സ് ഫിലിം ശില്പശാല നിർമ്മാണം, പ്രവർത്തനം | ജൂലൈ | ആർട്സ് ക്ലബ് | | |
| 17 | അറബിസാഹിത്യോത്സവത്തിന് കുട്ടികളെ തയ്യാറാക്കൽ | ജൂലൈ | അറബിക് ക്ലബ് | | |

| | | | | | |
|---|---|---|---|---|---|
| **18** | POWER LIFTING<br><br>WEIGHT LIFTING | **ജൂലൈ മുതൽ** | **ആരോഗ്യ-<br>കായിക ക്ലബ്** | | |

# ആഗസ്റ്റ്

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | SRG MEETING | ആഗസ്റ്1 | | | |
| 2 | ശാസ്ത്രക്വിസ് | ആഗസ്റ് 6<br><br>ഹിരോഷിമ ദിനം | സയൻസ് ക്ലബ് | | |
| 3 | സ്വാതന്ത്യവുമായി ബന്ധപ്പെട്ട്പതാക നിർമ്മാണം , ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | ആഗസ്റ് 14 | മാത്സ് ക്ലബ്,<br><br>ആർട്സ് ക്ലബ്<br><br>പ്രവർത്തി പരിചയ |  | |
| 4 | സ്വാതന്ത്യവുമായി ബന്ധപ്പെട്ട് ദേശഭക്തിഗാന രചന , സ്വാതന്ത്ര്യദിനാഘോഷത്തിലെ പങ്കാളിത്തം | ആഗസ്റ് 14 | സാമൂഹ്യശാസ്ത്ര ക്ലബ് ,മലയാള ം ക്ലബ് | | |

| | | | | | |
|---|---|---|---|---|---|
| 5 | സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട്<br><br>കൂട്ടമായിട്ടോ, ഒറ്റക്കോ ദേശഭക്തി ഗാനാലാപനം | ആഗസ്റ്റ് 14 | ഹിന്ദി ക്ലബ് | | |
| 6 | ക്വിസ് | ആഗസ്റ്റ് 20<br><br>FERMAT'S DAY | മാത്സ് ക്ലബ് | | |
| 7 | നാടൻ സസ്യങ്ങളുടെ ഔഷധപ്രാധാന്യക്കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് 22<br><br>ലോക നാട്ടറിവ് ദിനം | സയൻസ് ക്ലബ് | | |
| | UNIT TEST | ആഗസ്റ്റ് 26 | | | |
| 8 | SPORTS QUIZ മത്സരം | ആഗസ്റ്റ് 29<br><br>ദേശീയ കായിക ദിനം | ആരോഗ്യ-കായിക ക്ലബ് | | |
| 9 | SRG MEETING | ആഗസ്റ്റ് 29 | | | |
| 10 | മൺപാത്ര നിർമ്മാണശാല സന്ദർശനം | ആഗസ്റ്റ് | ആർട്സ് ക്ലബ് | | |

| | | | | | |
|---|---|---|---|---|---|
| **11** | ഓണം ആശംസാകാർഡ് നിർമാണ മത്സരം | ആഗസ്റ് | അറബിക് ക്ലബ് | | |
| **12** | ഗ്രോബാഗ് നിർമ്മാണം<br><br>പച്ചക്കറിത്തോട്ടം | ആഗസ്റ് | പ്രവർത്തി പരിചയ ക്ലബ് | | |



സെപ്റ്റംബർ

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | കരകൗശലവസ്തുക്കളുടെ നിർമ്മാണം<br>ക്വിസ്<br>പോസ്റ്റർ നിർമ്മാണം | സെപ്റ്റംബർ 16<br>ഓസോൺ ദിനം | സയൻസ് ക്ലബ് | | |
| 2 | ക്വിസ് | സെപ്റ്റംബർ 29<br>ലോകഹൃദയദിനം | സയൻസ് ക്ലബ് | | |
| 3 | UNIT TEST | സെപ്റ്റംബർ 29 | | | |
| 4 | ഗണിതപൂക്കളം | സെപ്റ്റംബർ | മാത്സ് ക്ലബ് | | |
| 5 | സ്കൂൾശാസ്ത്രമേള | സെപ്റ്റംബർ | | | |
| 6 | കാലിഗ്രാഫി<br>ശില്പശാല<br>ഫിലിം ഫെസ്റ്റിവൽ | സെപ്റ്റംബർ | ആർട്സ് ക്ലബ് | | |
| 7 | ക്യാരിബാഗ് നിർമ്മാണം | സെപ്റ്റംബർ | പ്രവർത്തി പരിചയ ക്ലബ് | | |







## ഒക്ടോബർ


| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | മാനസിക ഉല്ലാസം നൽകുന്ന പരിപാടികൾ | ഒക്ടോബർ 1<br><br>ദേശീയ മാനസികാരോഗ്യദിനം | സയൻസ് ക്ലബ് | | |
| 2 | ഗാന്ധിജയന്തിയോടനുബന്ധിച്ച<br><br>ക്വിസ് | ഒക്ടോബർ 1 | സാമൂഹ്യശാസ്ത്ര ക്ലബ് | | |
| 3 | SRG MEETING | ഒക്ടോബർ 3 | | | |
| 4 | പോസ്റ്റർ നിർമാണം | ഒക്ടോബർ 23<br><br>മോൾ ദിനം | സയൻസ് ക്ലബ് | | |
| 5 | SRG MEETING | ഒക്ടോബർ 31 | | | |
| 6 | സ്കൂൾതല സ്പോർട്സ് | ഒക്ടോബർ | | | |
| 7 | കളിമൺശില്പശാല പ്ലാസ്റ്റർ ഓഫ് പാരീസ് മോൾഡിങ് ശില്പശാല | ഒക്ടോബർ | ആർട്സ് ക്ലബ് | | |
| 8 | ഗാന്ധിസ്മൃതി വാരം ഗാന്ധിജീവിതം ,സന്ദേശം എന്നിവയിൽ ക്വിസ് | ഒക്ടോബർ | അറബിക് ക്ലബ് | | |



# നവംബർ

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | ഗണിതകളികൾ കുട്ടികൾക്ക് നൽകുക | നവംബർ 4<br><br>ശകുന്തളാദേവി ജന്മദിനം | മാത്സ് ക്ലബ് | | |
| 2 | SRG MEETING | നവംബർ 7 | | | |
| 3 | ശാസ്ത്രമേള ഫീൽഡ്ട്രിപ് | നവംബർ 10<br><br>ലോകശാസ്ത്രദിന ം | സയൻസ് ക്ലബ് | | |
| 4 | പോസ്റ്റർ നിർമ്മാണം | നവംബർ 11<br><br>ദേശീയ വിദ്യാഭ്യാസദിനം | ഹിന്ദി ക്ലബ് | | |
| 5 | ബോധവൽക്കരണ ക്ലാസ് | നവംബർ 14<br><br>ദേശീയ പ്രമേഹദിനം | സയൻസ് ക്ലബ് | | |
| 6 | പ്രസംഗമത്സരം | നവംബർ 14<br><br>ശിശുദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | | |



| | | | | | |
|---|---|---|---|---|---|
| 7 | ചാച്ചാജിയുടെ ക്വിസ്,ജീവചരിത്ര വായന | നവംബർ 14<br><br>ശിശുദിനം | അറബിക് ക്ലബ് | | |
| 8 | SRG MEETING | നവംബർ 14 | | | |
| 9 | SRG MEETING | നവംബർ 21 | | | |
| 10 | ഫിബിനോസിസിയുടെ സീരീസ് പ്രദർശിപ്പിക്കുന്നു | നവംബർ 23<br><br>ഫിബിനോക്സി | മാത്സ് ക്ലബ്, | | |
| 11 | UNIT TEST | നവംബർ 25 | | | |
| 12 | SRG MEETING | നവംബർ 28 | | | |
| 13 | അഭിനയകളരി ,നാടകശില്പശാല ,സംഗീതം,നൃത്തം,നാടൻപ ാട്ട് തുടങ്ങിയ കലകളിലെ ക്ലാസുകൾ | നവംബർ | ആർട്സ് ക്ലബ് | | |
| 14 | BOOK BINDING | നവംബർ | പ്രവർത്തി പരിചയ ക്ലബ് | | |



# ഡിസംബർ

| SL NO | NAME OF PROGRAMME | TIME | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | എയ്ഡ്സ് ഒരു സാമൂഹികവും ആരോഗ്യപരവുമായ വെല്ലുവിളി ഈ വിഷയത്തെക്കുറിച്ച് ഉപന്യാസരചന | ഡിസംബർ 1<br>ലോക എയ്ഡ്സ് ദിനം | ഹിന്ദി ക്ലബ് | | |
| 2 | SRG MEETING | ഡിസംബർ 5 | | | |
| 3 | SRG MEETING | ഡിസംബർ 12 | | | |
| 4 | UNIT TEST | ഡിസംബർ 16 | | | |
| 5 | SRG MEETING | ഡിസംബർ 19 | | | |
| 6 | SRG MEETING | ഡിസംബർ 26 | | | |
| 7 | പേപ്പർ നിർമ്മാണ ശില്പശാല | | ആർട്സ് ക്ലബ് | | |






| | | | | | |
|---|---|---|---|---|---|
| 8 | വായനകളരി | | അറബിക് ക്ലബ് | | |

# ജനവരി

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | SRG MEETING | ജനവരി 2 | | | |
| 2 | SRG MEETING | ജനവരി 9 | | | |
| 3 | SRG MEETING | ജനവരി 16 | | | |
| 4 | SRG MEETING | ജനവരി 23 | | | |
| 5 | സന്ദേശം | ജനവരി 26 റിപ്പബ്ലിക് ദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | | |
| 6 | രക്തസാക്ഷി ദിനം വീഡിയോ പ്രദർശനം | ജനവരി 30 രക്തസാക്ഷി ദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | | |
| 7 | ചിത്രരചന, പോസ്റ്റർ | ജനവരി | ആർട്സ് ക്ലബ് | | |

| | | | | | |
|---|---|---|---|---|---|
| | രചന ,കൊളാഷ്, മൊബൈൽ ഫോട്ടോഗ്രാഫി, തിരക്കഥ ,രചന തുടങ്ങിയ മത്സരങ്ങൾ | | | | |
| 8 | രണഘടനയെ അറിയൽ എന്ന പേരിൽ ക്വിസ്, പ്രസംഗം | ജനുവരി | അറബിക് ക്ലബ് | | |



# ഫെബ്രുവരി

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | ഉപന്യാസം മത്സരം | ഫെബ്രുവരി 2<br>ലോക തണ്ണീർത്തട ദിനം | സാമൂഹ്യശാസ്ത്ര ക്ലബ് | | |
| 2 | SRG MEETING | മാർച്ച് 6 | | | |
| 3 | SRG MEETING | മാർച്ച് 13 | | | |
| 4 | SRG MEETING | മാർച്ച് 20 | | | |
| 5 | SRG MEETING | മാർച്ച് 27 | | | |
| 6 | ശാസ്ത്ര ക്വിസ് | ഫെബ്രുവരി 28<br>ദേശീയ ശാസ്ത്ര ദിനം | സയൻസ് ക്ലബ് | | |
| 7 | പഠനോത്സവത്തിലേക്ക് അറബി സാഹിത്യവുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ | ഫെബ്രുവരി | അറബിക് ക്ലബ് | | |



| | | | | | |
|---|---|---|---|---|---|
| | ഒരുക്കുക | | | | |
| 8 | പ്രാദേശിക ആർട്ട് ഗ്യാലറികൾ സന്ദർശനം<br><br>പ്രാദേശിക കലാകാരന്മാരുടെ ചിത്ര പ്രദർശനം | ഫെബ്രുവരി | ആർട്സ് ക്ലബ് | | |

# മാർച്ച്

| SL NO | PROGRAMME | DATE | CHARGE | FINANCE | REMARKS |
|---|---|---|---|---|---|
| 1 | ഡോക്യുമെന്ററി നിർമ്മിക്കൽ | മാർച്ച് 3<br><br>ലോക വന്യജീവിദിനം | സയൻസ് ക്ലബ് | | |
| 2 | SRG MEETING | മാർച്ച് 6 | | | |
| 3 | SRG MEETING | മാർച്ച് 27 | | | |

